REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 22-04-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം മറ്റന്നാൾ സമാപിക്കും. വോട്ടുറപ്പിക്കാൻ പ്രചാരണം തീവ്രം.
- കണ്ണൂർ ജില്ലയിൽ തിരഞ്ഞെടുപ്പ് സുരക്ഷാ ഡ്യൂട്ടിക്കായി കൂടുതൽ കേന്ദ്ര സേനാംഗങ്ങൾ എത്തി.
- മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ പത്രിക പിൻവലിക്കാൻ സമയ പരിധി ഇന്ന് അവസാനിയ്ക്കും.
- പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമ്മാനിക്കും.
- മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാപൗർണമി ഉത്സവം നാളെ.
- ISL ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ നാളെ ആരംഭിക്കും.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം അവസാനിയ്ക്കാൻ ഇനി 51 മണിക്കൂർ മാത്രം. ശേഷിക്കുന്ന ഓരോ നിമിഷവും വോട്ടുറപ്പിയ്ക്കാൻ മുന്നണികൾ സ്ഥാനാർത്ഥികളെയും ദേശീയ- സംസ്ഥാന നേതാക്കളെയും മുന്നിട്ടിറക്കി തീവ്രപ്രചാരണത്തിലേക്ക് നീങ്ങിക്കഴിഞ്ഞു. പ്രചാരണസംഘങ്ങൾ വോട്ടർസ്ലിപ്പുകൾ വീടുകളിലെത്തിച്ച് ഓരോ വോട്ടും സ്വന്തം സ്ഥാനാർത്ഥിക്ക് ഉറപ്പിക്കുന്ന തിരക്കിലാണ്. സ്ഥാനാർത്ഥികൾ

മണ്ഡലപര്യടനത്തിന്റെ അവസാനലാപ്പിൽ പരമാവധി വോട്ടർമാരെയും നേരിൽ കാണാൻ ശ്രമിച്ചുവരുന്നു.

കേന്ദ്രമന്ത്രി VK സിംഗ്, കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റ്, CPI ജനറൽ സെക്രട്ടറി D രാജ തുടങ്ങിയവർ സ്ഥാനാർത്ഥികൾക്കായി പ്രചാരണം നടത്താൻ പൊതുസമ്മേളനങ്ങളിൽ ഇന്ന് പങ്കെടുക്കുന്നുണ്ട്. കേരളം അടക്കം 12 സംസ്ഥാനങ്ങളിലെ 89 സീറ്റുകളിലാണ് അടുത്ത വെള്ളിയാഴ്ച വോട്ടെടുപ്പ്.

കേരളത്തിൽ 20, കർണാടകയിൽ 14, രാജസ്ഥാനിൽ 13, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ എട്ട് വീതം, മധ്യപ്രദേശിൽ ഏഴ്, അസം, ബിഹാർ എന്നിവിടങ്ങളിൽ അഞ്ച് വീതം, പശ്ചിമ ബംഗാളിലും ഛത്തീസ്ഗഡിലും മൂന്ന് വീതം, ത്രിപുരയിലും ജമ്മു കശ്മീരിലും ഒന്ന് വീതം മണ്ഡലങ്ങളാണ് വെള്ളിയാഴ്ച പോളിംഗ് ബൂത്തിലെത്തുന്നത്.

✪✪✪

കണ്ണൂർ ജില്ലയിൽ തിരഞ്ഞെടുപ്പ് സുരക്ഷ ഡ്യൂട്ടിക്കായി കൂടുതൽ കേന്ദ്ര സേനാംഗങ്ങൾ എത്തി. CRPF, ഇന്തോ ടിബറ്റൻ ബോർഡർ പോലീസ്, എന്നിവർക്ക് പുറമെ കേന്ദ്ര ദ്രുത കർമ്മ സേനയിൽ നിന്നും കർണ്ണാടക പോലീസിൽ നിന്നും സേനാംഗങ്ങളാണ് ജില്ലയിൽ എത്തിയത്. മാവോവാദി സാനിധ്യമുള്ള മേഖലയിലും കേന്ദ്ര സേനാംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്.

ജില്ലയിൽ മുന്നൂറിലേറെ പ്രശ്ന സാധ്യത ബൂത്തുകൾ ഉണ്ടെന്നാണ് രഹസ്യാന്വേഷണ റിപ്പോർട്ട്.

✪✪✪

കഴിഞ്ഞ ലോക്സഭയിലെ 18 MP മാർ ചെയ്ത കാര്യങ്ങൾ വിലയിരുത്താൻ ലഭിച്ച അവസരമായി ഈ തിരഞ്ഞെടുപ്പിനെ കാണണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രാജ്യത്തെ മതനിരപേക്ഷത സംരക്ഷിക്കാൻ ലഭിച്ച അവസരമാണിതെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ മട്ടന്നൂരിൽ LDF പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

നവ കേരളം പടുത്തുയർത്താൻ നല്ല അവസരമാണ് ഇപ്പോൾ തെരഞ്ഞെടുപ്പിലൂടെ കൈവന്നിരിക്കുന്നത് എന്ന് ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ ജനറൽ V.K സിംഗ് അഭിപ്രായപ്പെട്ടു. ജനങ്ങൾ കൊണ്ടുവരുന്ന മാറ്റം സംസ്ഥാനത്ത് എല്ലാ മേഖലകളെയും

**സ്വാധീനിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ചാലക്കുടി മണ്ഡലം NDA സ്ഥാനാർത്ഥിയുടെ പ്രചാരണാർത്ഥം ആലുവയിൽ സംഘടിപ്പിച്ച യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തുടർന്ന് നടന്ന വാഹന റാലിയിലും അദ്ദേഹം പങ്കെടുത്തു.**

**കൊടുങ്ങല്ലൂരിൽ NDA സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് പരിപാടിയിൽ BJP നേതാവും അസം മുഖ്യമന്ത്രിയുമായ ഹിമന്ദ് വിശ്വ ശർമ്മ വൈകിട്ട് പങ്കെടുക്കും.**

**എറണാകുളം ലോക്സഭാ മണ്ഡലം NDA സ്ഥാനാർത്ഥിയുടെ പ്രചരണാർത്ഥം തൃപ്പൂണിത്തുറയിൽ നടക്കുന്ന റോഡ് ഷോയിലും ഹിമന്ദ് വിശ്വശർമ സംബന്ധിക്കും.**

✪✪✪

**കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയുടെ ഇന്നത്തെ തിരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങൾ റദ്ദാക്കിയതായി KPCC അറിയിച്ചു. തൃശൂരിലും, ആലപ്പുഴയിലും നടത്താനിരുന്ന പരിപാടികളാണ് അസുഖം കാരണം റദ്ദാക്കിയത്.**

✪✪✪

**വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ തീ പാറുന്ന മത്സരമാണ് മാവേലിക്കര ലോക്സഭാ മണ്ഡലത്തിൽ നടക്കുന്നത്. മണ്ഡലത്തിൽ വോട്ടുറപ്പിക്കാൻ ലക്ഷ്യമിട്ട് മൂന്ന് മുന്നണികളും പ്രചാരണം കടുപ്പിച്ചു.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി R രവികുമാർ .**

**...........വോയ്സ്.............**

✪✪✪

**CPIM പൊളിറ്റ്ബ്യൂറോ അംഗം പ്രകാശ് കാരാട്ട് കാസർകോട്ടും, ബൃന്ദാകാരാട്ട് പത്തനംതിട്ടയിലും, സുഭാഷിണി അലി ആറ്റിങ്ങലിലും LDF നായി ഇന്ന് പൊതുയോഗങ്ങളിൽ പങ്കെടുക്കും. മുഖ്യമന്ത്രി പിണറായി വിജയനും CPI ദേശീയ ജനറൽ സെക്രട്ടറി D രാജയും കണ്ണൂർ ജില്ലയിലെ ചില കേന്ദ്രങ്ങളിൽ പ്രചാരണം നടത്തും.**

✪✪✪

മുസ്ലിം ലീഗിന്റെ ശക്തികേന്ദ്രമായ മലപ്പുറത്ത് തെരഞ്ഞെടുപ്പ് പോരാട്ടം ശക്തമാണ്. നിലനിർത്താൻ UDF ഉം പിടിച്ചെടുക്കാൻ LDF ഉം കരുത്ത് തെളിയിക്കാൻ NDA യും മണ്ഡലത്തിൽ സജീവമാണ്.

മണ്ഡലവിശേഷങ്ങളുമായി ആകാശവാണി മലപ്പുറം പ്രതിനിധി M. സുരേഷ് ബാബു.

.....(വോയ്സ്).........

✪✪✪

മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൽ പത്രിക പിൻവലിക്കാൻ സമയ പരിധി ഇന്ന് അവസാനിയ്ക്കുന്നതോടെ മത്സര ചിത്രം വ്യക്തമാകും. 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 സീറ്റുകളിൽ അടുത്ത മാസം ഏഴിനാണ് വോട്ടെടുപ്പ്.

✪✪✪

മണിപ്പൂരിൽ, ഇന്നർ മണിപ്പൂർ പാർലമെന്റ് മണ്ഡലത്തിലെ പതിനൊന്ന് പോളിംഗ് സ്റ്റേഷനുകളിൽ റീപോളിംഗ് ആരംഭിച്ചു.

വെള്ളിയാഴ്ച ആദ്യഘട്ട വോട്ടെടുപ്പിൽ ആൾക്കൂട്ട അക്രമം, കലാപം, വോട്ടിംഗ് മെഷീനും തിരഞ്ഞെടുപ്പ് യന്ത്രങ്ങളും നശിപ്പിക്കൽ, പ്രോക്സി വോട്ടിംഗ് എന്നിവ നടന്ന സാഹചര്യത്തിലാണ് പതിനൊന്ന് പോളിംഗ് സ്റ്റേഷനുകളിൽ ഇന്ന് വീണ്ടും വോട്ടെടുപ്പ് നടത്തുന്നത്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാഷ്ട്രപതി ഭവനിൽ ഈ വർഷത്തെ പത്മ പുരസ്കാരങ്ങൾ സമ്മാനിക്കും. മുൻ ഉപരാഷ്ട്രപതി M വെങ്കയ്യ നായിഡുവിനും നർത്തകി ഡോ. പത്മസുബ്രഹ്മണ്യത്തിനും പത്മവിഭൂഷൺ സമ്മാനിക്കും. ബിന്ദേശ്വർ പഥക്കിന് മരണാനന്തര ബഹുമതിയായി പത്മവിഭൂഷൺ നൽകും. നടൻ മിഥുൻ ചക്രവർത്തി, ഗായിക ഉഷ ഉതുപ്പ് എന്നിവർക്ക് പത്മഭൂഷൺ ലഭിക്കും. ഡോ സീതാറാം ജിൻഡാൽ, ഹൃദ്രോഗ വിദഗ്ധൻ ഡോ തേജസ് മധുസൂദൻ

പട്ടേൽ, മുൻ ഉത്തർപ്രദേശ് ഗവർണർ രാം നായിക് എന്നിവർക്കും പത്മഭൂഷൺ സമ്മാനിക്കും.

✪✪✪

ഇന്ന് ലോക ഭൗമ ദിനം. ജനങ്ങൾക്കിടയിൽ പരിസ്ഥിതി അവബോധവും സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനാണ് ഏപ്രിൽ 22 ഭൗമ ദിനമായി ആചരിക്കുന്നത്. ഭൂമി അതിലോലമായ ഗ്രഹമാണെന്നും അതിനെ നിലനിർത്താൻ ശ്രദ്ധയും പരിചരണവും ആവശ്യമാണെന്നും ദിനാചരണം ഓർമ്മിപ്പിക്കുന്നു. 1970 ഏപ്രിൽ 22 ന് അമേരിക്കയിലാണ് ആദ്യ ഭൗമ ദിനം ആചരിച്ചത്.

"പ്ലാനറ്റ് വേഴ്സസ് പ്ലാസ്റ്റിക്" എന്നതാണ് ഈ വർഷത്തെ ഭൗമദിന പ്രമേയം. പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ദാരുണമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനാണ് ഈ പ്രമേയം തിരഞ്ഞെടുത്തത്.

✪✪✪

ഇടുക്കി മംഗളാദേവി കണ്ണകി ക്ഷേത്രത്തിലെ ചിത്രാപൗർണമി ഉത്സവം നാളെ. രാവിലെ നാല് മുതൽ ഇരുസംസ്ഥാനങ്ങളിലെയും പൂജാരിമാർ, സഹായികൾ എന്നിവരെ ക്ഷേത്രത്തിലേക്കു കടത്തിവിടും. 5.30 മുതൽ പഞ്ചായത്ത് ബസ് സ്റ്റാൻഡിൽ പ്രവർത്തിക്കുന്ന കൗണ്ടറിൽനിന്നും അതിർത്തി ചെക്ക് പോസ്റ്റിൽനിന്നും തീർഥാടകർക്ക് പാസ് ലഭിക്കും. ആറ് മുതൽ ഭക്തജനങ്ങൾക്ക് പ്രവേശനം അനുവദിക്കും. 2.30 വരെ കുമളി പഞ്ചായത്ത് ബസ് സ്റ്റാൻഡിൽനിന്ന് ജീപ്പുകൾ സർവീസ് നടത്തും.

✪✪✪

മധ്യതിരുവിതാംകൂറിന്റെ പടയണിക്കാലത്തിന് നാളെ കടമ്മനിട്ടക്കാവിൽ സമാപനമാകും. ഇന്നലെയായിരുന്നു കടമ്മനിട്ട വലിയ പടയണി. ഇന്ന് പള്ളിയുറക്കമായതിനാൽ ക്ഷേത്രനട തുറക്കില്ല. പത്താമുദയ ദിനമായ നാളെ പകൽപ്പടേനിയോടെ ഉത്സവം സമാപിക്കും.

✪✪✪

സിനിമ സംവിധായകൻ ജോഷിയുടെ കൊച്ചി പനമ്പള്ളി നഗറിലെ വീട്ടിൽ നിന്ന് ഒരു കോടിയോളം രൂപയുടെ സാധനങ്ങൾ മോഷ്ടിച്ച ബിഹാർ സ്വദേശി മുഹമ്മദ് ഇർഫാനെ പൊലീസ് പിടികൂടി കൊച്ചിയിലെത്തിച്ചു. ഉഡുപ്പിയിൽ നിന്നാണ് കർണാടക പൊലീസ്

സഹായത്തോടെ ഇയാളെ അറസ്റ്റ് ചെയ്തതെന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ S ശ്യാം സുന്ദർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ബിഹാറിലെ സീതാമഢി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ബോർഡ് വെച്ച സ്വകാര്യ വാഹനത്തിലാണ് ഇയാൾ മോഷണത്തിന് എത്തിയത്. ഇയാളുടെ ഭാര്യ സീതാമഢി ജില്ലാപഞ്ചായത്ത് പ്രസിഡന്റാണ്.

✪✪✪

സ്വർണവില കുറഞ്ഞു. ഗ്രാമിന് 50 രൂപ കുറഞ്ഞ് 6755 ആയി- 54,040 രൂപയാണ് പവന് വില.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ നാളെ ആരംഭിക്കും. ആദ്യ മത്സരത്തിൽ ഒഡിഷ FC, ATK മോഹൻ ബഗാനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് മുംബൈ ഇന്ത്യസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജയ്പൂരിലാണ് മത്സരം.

ഇന്നലത്തെ മത്സരങ്ങളിൽ ഗുജറാത്ത് ടൈറ്റൻസും കൊൽക്കത്ത നൈറ്റ് റൈഡേഴ്സും വിജയിച്ചു.

✪✪✪

സംസ്ഥാനത്ത് വേനൽ ചൂട് രൂക്ഷമായി തുടരുന്നു. മറ്റന്നാൾ വരെ 10 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, തൃശൂർ ജില്ലകളിൽ 39 ഡിഗ്രി വരെയും പാലക്കാട്ടും കോഴിക്കോട്ടും 38 ഡിഗ്രി വരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

അതേസമയം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒറ്റപ്പെട്ടയിടങ്ങളിൽ വേനൽ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪